പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 772 — 10/02/2016 ൽ മറുപടിക്ക്

## സർക്കാർ ജനറൽ ആശുപത്രികളുടെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാലും അവശ്യമരുന്നുകളുടെ ദൗർല്ലഭ്യം മൂലവും സംസ്ഥാനത്തെ സർക്കാർ ജനറൽ ആശുപത്രികളുടെ അവസ്ഥ പരിതാപകരമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില സ്പെഷ്യാലിറ്റികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം മൂലവും ചില ജില്ലകൾ സ്ഥിര നിയമനത്തിന് തിരഞ്ഞെടുക്കുന്നതിൽ ഡോക്ടർമാർ തല്പരരല്ലാത്തതുകൊണ്ടും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. എന്നാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചും, എൻ.എച്ച്.എം. വഴി താൽക്കാലികമായി നിയമിച്ചും ഈ കുറവ് പരിഹരിക്കുകയും, ജനങ്ങൾക്ക് സേവനം ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. വിവിധ വിഭാഗം പാരാമെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ ദ്രുത ഗതിയിൽ നികത്താനുള്ള നടപടികൾ എടുത്തുവരുന്നു.<br><br>സംസ്ഥാനത്തെ സർക്കാർ ജനറൽ ആശുപത്രികളിൽ ആവശ്യമരുന്നുകളുടെ ദൗർലഭ്യം ഇപ്പോൾ നിലവിലില്ല. അടിയന്തിര ഘട്ടങ്ങളിൽ അത്യാവശ്യമരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ അവ ലോക്കൽ പർച്ചേസ് വഴി വാങ്ങുവാൻ ആശുപത്രി മേധാവികൾക്ക് അധികാരമുണ്ട്. ജനറൽ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ജനറൽ ആശുപത്രികളിലെത്തുന്ന രോഗികൾ രോഗനിർണ്ണയോപാധികളുടെ അഭാവം മൂലം സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വന്നിട്ടുള്ളത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ? | (ബി) | രോഗനിർണ്ണയത്തിനുള്ള എക്സ് റേ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ജനറൽ ആശുപത്രികളിലും പ്രധാനപ്പെട്ട മറ്റ് ആശുപത്രികളിലും ലഭ്യമാണ്. ചില ആശുപത്രികളിൽ സി.റ്റി.സ്കാൻ സൗകര്യവും ലഭ്യമാണ്. ജനറൽ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് പരമാവധി രോഗനിർണ്ണയത്തിനുള്ള എല്ലാ സൗകര്യവും നിലവിലുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ